ഉത്തരം

(എ) & (ബി) രൂക്ഷമായ കടൽക്ഷോഭത്തെത്തുടർന്ന് ഈ റോഡിന് തകരാറുകൾ ഉണ്ടായതിനാൽ ഈ റോഡിന്റെ പണികൾ നിർത്തിവച്ചിരിക്കയാണ്. ഇതിനെ തുടർന്ന് റോഡുനിർമ്മാണത്തിനു തയ്യാറാക്കിയ പ്രോജക്ടിനെപ്പറ്റി അന്വേഷിക്കുന്നതിനും ഉചിതമായ പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി ടൂറിസം വകുപ്പ് 2.40 കോടി രൂപ പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ), കോഴിക്കോട്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് 27-7-2005-ൽ ബഹു. മെമ്പറുംകൂടി പങ്കെടുത്തിരുന്ന ഒരു ചർച്ച ബഹു. പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. ഈ ചർച്ചയിൽ, വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തതനുസരിച്ച് സംരക്ഷണ ഭിത്തി ബലപ്പെടുത്തുന്നതിനുവേണ്ടി, ഇറിഗേഷൻ വകുപ്പ് 45 ലക്ഷം രൂപയുടെ ഒരു പദ്ധതി സമർപ്പിക്കുകയും, ഇതിന് അംഗീകാരം നൽകുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടിവരുന്ന അധികച്ചെലവ് PWD വഹിക്കാനും തീരുമാനമായി. തകരാറിലായ റോഡുകളുടെ പണി കോൺട്രാക്ടറുടെ ചിലവിൽതന്നെ നടത്താൻ തീരുമാനിച്ചു.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

83 [2833] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾ, എവിടെയൊക്കെയെന്നും അവയുടെ അടങ്കൽതുക എത്രയെന്നും വിശദമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും പദ്ധതിക്കായുള്ള പ്രൊപ്പോസലുകളോ, അപേക്ഷകളോ ടൂറിസം വകുപ്പിനു ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാമെന്നും ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) ഒരു വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കണമെന്ന എം.എൽ.എ. യുടെ അഭ്യർത്ഥന പരിശോധിച്ചുവരികയാണ്.

തളി, കഴകം തസ്തികകളിൽ പാർട്ട്-ടൈം ജീവനക്കാരെ ഫുൾ-ടൈം ജീവനക്കാരാക്കാൻ നടപടി

84 [2834] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ ജോലിചെയ്തുവരുന്ന തളി, കഴകം തസ്തികകളിൽപ്പെട്ട പാർട്ട്-ടൈം ജീവനക്കാരിൽ ഏത് വർഷം വരെ സർവ്വീസിൽ പ്രവേശിച്ചവരെ ഫുൾ-ടൈം ജീവനക്കാരായി മാറ്റിയിട്ടുണ്ട്;

(ബി) ഇപ്പോൾ നിലവിൽ ഈ തസ്തികകളിൽ ഫുൾ-ടൈം ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പാർട്ട്-ടൈം ജീവനക്കാരെ ഫുൾ-ടൈം ജീവനക്കാരാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തളി ലാവണത്തിൽ 1999-ലെ ലിസ്റ്റ് പ്രകാരം 51 റാങ്കുവരെയും കഴകം ലാവണത്തിൽ 2002-ലെ ലിസ്റ്റുപ്രകാരം 33 റാങ്കുവരെയും ഉള്ളവരെ ഫുൾ-ടൈം ജീവനക്കാരായി മാറ്റിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

വള്ളംകളി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

85 [2835] *ശ്രീ. റോഷി അഗസ്റ്റിൻ:*

" *കെ. നാരായണക്കുറുപ്പ്:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്ന വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly